ഉത്തരം

(എ) 2001-2002 വർഷത്തിൽ 99,879 രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) ഒലിവേലിച്ചിറ ഇക്കോ ടൂറിസം വികസനത്തിനായി അവിടെയുള്ള വനസംരക്ഷണ സമിതി 2004-2005 വർഷത്തിൽ 20 ലക്ഷം രൂപ വികസനത്തിനായിട്ടുള്ള ഒരു പദ്ധതി ഉണ്ടാക്കി ടൂറിസം വകുപ്പിൽനിന്നും ഭാരത സർക്കാരിൽ നിന്നും ഗ്രാന്റിനു വേണ്ടി പ്രതീക്ഷിച്ചിരിക്കുന്നു.

(സി) ഫണ്ട് ലഭ്യമാവുകയാണെങ്കിൽ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

വനപാലകരായ ആദിവാസികൾക്ക് നൽകുന്ന വേതനം

110 [3394] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനപാലകരായ ആദിവാസികൾക്ക് വേതനം നൽകുന്നത് ഏത് വകുപ്പിന്റെ ഫണ്ടിൽ നിന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വേതനം കുടിശ്ശികയില്ലാതെ ലഭ്യമാക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ കുടിശ്ശികയില്ലാത്തവിധത്തിൽ വേതനം കൃത്യമായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വനംവകുപ്പിന്റെ ഫണ്ടിൽനിന്ന്.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മറ്റുജീവനക്കാർക്ക് നൽകുന്നതുപോലെ ഇവർക്കും വേതനം കൊടുക്കുന്നുണ്ട്.

(സി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ സർവ്വീസിലുള്ള ജീവനക്കാർക്ക് ലഭിക്കുന്ന ആനുകൂല്യം മസ്ദൂർ വാച്ചർമാർക്ക് നൽകുന്നതിന് നടപടി

111 [3395] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി ഫോറസ്റ്റ് ഡിവിഷനിൽ എത്ര മസ്ദൂർ വാച്ചർമാരാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ആളൊന്നിന് എത്ര രൂപയാണ് പ്രതിമാസം ശമ്പളമായി നൽകിവരുന്നത്; ശമ്പളം കൂടാതെ മറ്റേതെങ്കിലും അലവൻസുകളോ ആനുകൂല്യങ്ങളോ ഇവർക്ക് നൽകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly